C

21/6/19

'ഭരണഭാഷ- മാതൃഭാഷ'

8269/19
21/06/19

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
21 JUN 2019

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- വ്യാവസായിക പരിശീലനം - ഭാഷാ ന്യൂനപക്ഷ മേഖലയിൽ അനുവദിച്ച പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, ഇടുക്കി ജില്ലയിലെ ചിത്തിരപുരം എന്നീ ഐ.ടി.ഐകളിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് 10% സംവരണം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.723/2019/തൊഴില്** തീയതി,തിരുവനന്തപുരം, 20/06/2019

---

C

പരാമർശം:- 1) സ.ഉ(കൈ)നം.140/2013/തൊഴിൽ, തീയതി 12.11.2013

2) സ.ഉ(കൈ)നം.64/2018/തൊഴിൽ, തീയതി 05.10.2018

3) സ.ഉ(കൈ)നം.77/2018/തൊഴിൽ, തീയതി 25.12.2018

4) ട്രെയിനിംഗ് ഡയറക്ടറുടെ 30.03.2019, 17.04.2019, 03.06.2019 എന്നീ തീയതികളിലെ ഡിറ്റി/155/2019-സി1 നമ്പർ കത്ത്.

R 21/6/19

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, ഇടുക്കി ജില്ലയിലെ ചിത്തിരപുരം എന്നീ മൂന്ന് ഭാഷാ ന്യൂനപക്ഷ മേഖലകളിൽ ഐ.ടി.ഐ കൾ ആരംഭിക്കുന്നതിന് അനുമതി നൽകി യഥാക്രമം പരാമർശം - 1,2,3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഐ.ടി.ഐ്കളിലെ പ്രവേശനത്തിന് ഇതുവരെ ഭാഷാന്യൂനപക്ഷവിഭാഗങ്ങൾക്ക് സംവരണ പരിഗണന നൽകിയിട്ടില്ല എന്നും ആയതിനാൽ മേൽ പറഞ്ഞ ഐ.ടി.ഐകളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് 10% സീറ്റുകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്നും പരാമർശം - 4 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭാഷാ ന്യൂനപക്ഷ മേഖലകളിൽ അനുവദിച്ച പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, ഇടുക്കി ജില്ലയിലെ ചിത്തിരപുരം എന്നീ ഐ.ടി.ഐകളിൽ 2019-20 അക്കാദമിക് വർഷം മുതൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് 10% സീറ്റുകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സംവരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) ഭാഷ ന്യൂനപക്ഷങ്ങൾക്ക് അനുവദിക്കുന്ന സംവരണത്തിൽ വിദ്യാർത്ഥികളുടെ

കുറവ് വരുന്നപക്ഷം പ്രസ്തുത ഒഴിവുകളിൽ പൊതുമാനദണ്ഡങ്ങൾക്ക് അനുസൃതമായി മറ്റ് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകേണ്ടതാണ്.

(ബി) ഭാഷാ ന്യൂനപക്ഷ മേഖലയിലെ കുട്ടികളെ കണ്ടെത്തുന്നതിനായി പാലിക്കുന്ന നിബന്ധനകൾ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിലും, ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകളിലും ഭാഷാ ന്യൂനപക്ഷ മേഖലയിലെ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് പാലിക്കുന്ന നിബന്ധനകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നിഷ എസ്**
**അഡീഷണല് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

## കീഴെഴുത്ത് നമ്പർ ഡി.റ്റി/155/19-സി1 തീയതി 24/06/2019

അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും അയയ്ക്കുന്നു.

P K Madhavan
Additional Director of Training
For Director of Training